(ബി) എന്തെല്ലാം നേട്ടങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതിയിലൂടെ പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ;

(ഡി) പ്രസ്തുത വിഭാഗക്കാർക്ക് പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(ബി-ഡി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ഹരിത യൗവ്വനം പദ്ധതി

225 (6676) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹരിതയൗവ്വനം പദ്ധതി നിയോജകമണ്ഡലംതോറും നടപ്പാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ തയ്യാറാക്കിയിട്ടുണ്ടോ ?

ഉത്തരം

ഹരിത യൗവ്വനം എന്ന പദ്ധതി പരിഗണനയിലില്ല.

അട്ടപ്പാടി മോഡൽ പദ്ധതി

226 (6677) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ ആദിവാസികളുടെ വികസനവും പുനരധിവാസവും ലക്ഷ്യമാക്കി തയ്യാറാക്കിയ 'അട്ടപ്പാടി മോഡൽ' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly